പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6102 04.07.2019-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ ആർ.എം.എഫ്. പ്രവൃത്തികൾ

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) 2018-19 വർഷം മലപ്പുറം ജില്ലയിൽ ആർ.എം.എഫ്. ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും മണ്ഡലം തിരിച്ച് അറിയിക്കാമോ;

(എ) പുഴയുടെ ഗതിയും സ്ഥാനവും അടിസ്ഥാന ...ത്തിയാണ് RMF പ്രവൃത്തികൾ നിശ്ചയിക്കുന്നത്. മണ്ഡലാതിർത്തികൾ അനുസരിച്ച് ഇത് കണക്കാക്കാറില്ല. ജില്ലാടിസ്ഥാനത്തിലാണ് സാധാരണ ഇത് ചെയ്യുന്നത്. എങ്കിലും ലഭ്യമായ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി നമ്പർ | മണ്ഡലം | റിമാർക്സ് |
|---|---|---|---|---|
| 1 | ആർ .എം.എഫ്- കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് 10, കുനിയിൽ കോലോത്തും തൊടി കുക്കുഴി കുന്നത്ത് ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം | സ.ഉ (കൈ) നം.337/ 2018/ റവന്യൂ തിരുവനന്തപുരം തീയതി 18.09.2018 -Rs.16.75 ലക്ഷം | ഏറനാട് | ടെണ്ടർ- അംഗീകാരത്തിനു വേണ്ടി മുകൾ തലങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്. (2018/4799/IA) |
| 2 | ആർ .എം.എഫ്- മമ്പാട് ഗ്രാമപഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതിക്കു സമീപം കുതിര പുഴയുടെ ഇടതു | സ.ഉ (സാധാ) നം.731/ 2019/ റവന്യൂ തിരുവനന്തപുരം തീയതി 01.03.2019 Rs.45.70 ലക്ഷം | വണ്ടൂർ | (2018/5641/IA) ടെണ്ടർ നടപടികളിലാണ്. |

| | | | | |
|---|---|---|---|---|
| | കര സംരക്ഷണം | | | |
| 3 | ആർ .എം.എഫ്- കോഡൂർ ഗ്രാമ പഞ്ചായത്തി ലെ നൂറാടി പാലത്തിനു താഴെ ചോളശ്ശേരി കടവിൽ കടലുണ്ടി പുഴയിൽ സംരക്ഷണഭിത്തി നിർമ്മാണം. | സ.ഉ (സാധാ) നം.731/ 2019/റവന്യൂ തിരുവനന്ത പുരം തീയതി 01.03.2019 Rs.55 ലക്ഷം | മല പ്പുറം | (2018/2 882/IA) സാങ്കേ തി കാനു മതി ലഭ്യ മാവേണ്ട തുണ്ട്. |

(ബി) പ്രളയത്തിനുശേഷവും എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ പലതും ആർ.എം. എഫ്.ൽ ഉൾപ്പെടുന്നില്ലെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) എം.എൽ.എ മാരുടെ ശുപാർശയുള്ള പ്രവൃത്തി കളടക്കം ആർ.എം.എഫ് പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജില്ലാ വിദഗ്ധ സമിതിയും സംസ്ഥാന ഉന്നതതല സമിതിയും സ്ഥല പരിശോധന നടത്തി അടിയന്തിര പ്രാധാന്യമുള്ള അനുയോജ്യമായ പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ ഭരണാനുമതി നൽകി വരുന്നു.

(സി) പ്രസ്തുത ജില്ലയിൽ സിവിൽ സ്റ്റേഷന് സമീപം നമ്പ്രാണി കടവിൽ റെഗുലേറ്റർ നിർമ്മിക്കുന്ന തിന് ആർ.എം.എഫ്.ൽ നിന്നും ഫണ്ട് അനുവദിക്കുമോയെന്ന് വെളി പ്പെടുത്താമോ?

(സി) നമ്പ്രാണി കടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ ജില്ലാ വിദഗ് ദ്ധ സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ